# കേരളസർവകലാശാല

നം.പി.ആർ.169/2023 തിരുവനന്തപുരം, തീയതി: 18/08/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2023

### എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് – കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ ആഗസ്റ്റ് 19 നും തിരുവനന്തപുരം, മേഖലയിലെ കോളേജുകൾ ആഗസ്റ്റ് 21 നും

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

| മേഖല | തീയതി | സ്ഥലം |
|---|---|---|
| കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ | ആഗസ്റ്റ് 19 | എസ്. എൻ കോളേജ്, കൊല്ലം. |
| തിരുവനന്തപുരം മേഖലയിലെ കോളേജുകൾ | ആഗസ്റ്റ് 21 | യുണിവേഴ്സിറ്റി എഞ്ചിനീയറിങ് കോളേജ്, കാര്യവട്ടം |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ 930 അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി./ബി.സി.എ. എൽ.എൽ.ബി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയ ത്തിനും സെപ്റ്റംബർ 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക്. യു.സി.ഇ.കെ. – 2018 സ്കീം (റെഗുലർ – 2019 അഡ്മിഷൻ & സപ്ലിമെന്ററി 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ആഗസ്റ്റ് 26 വരെ അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയിൽ നടത്തിയ എം.പി.ഇ.എസ്. നാലാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല സെപ്റ്റംബർ 7 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം. ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രോജക്ട് സമർപ്പണം

കേരളസർവകലാശാല നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എം.സി. ജെ./എം.എസ്.ഡബ്ല്യു./എം.എ.എച്ച്.ആർ.എം. (റെഗുലർ), ജൂലൈ 2023 പരീക്ഷകളുടെ പ്രോജക്ട് സമർപ്പണവുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെട്ടതി നാൽ SLCM പോർട്ടൽ വഴി പ്രോജക്ട് അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത വിദ്യാർത്ഥികളും അപ്‌ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും ഒരിക്കൽകൂടി 2023 ആഗസ്റ്റ് 26 നകം പ്രോജക്ട് റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## ഓണം അവധി

കേരളസർവകലാശാല പഠനവിഭാഗങ്ങളും അഫിലിയേറ്റഡ് കോളേജുകളും ഓണം അവധിക്കായി ആഗസ്റ്റ് 24 ന് വൈകുന്നേരം അടയ്ക്കുന്നതും ഓണം അവധിക്കുശേഷം സെപ്റ്റംബർ 4 ന് തുറക്കുന്നതുമാണ്.

(signature)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്ജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**